**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4627** **13-03-2023 - ൽ മറുപടിയ്ക്ക്**

**വാത്സല്യനിധി പദ്ധതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വാത്സല്യനിധി പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് ധനസഹായം ലഭിക്കുന്നതിനായി എൽ.ഐ.സി.യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്; ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള എണ്ണം, നിക്ഷേപിച്ച തുക എന്നിവ വിശദമാക്കാമോ; | (എ) | വാത്സല്യനിധി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള 14259 പട്ടികജാതി പെൺകുട്ടികളുടെ ഒന്നാം ഗഡു തുകയായി ആകെ 55,61,01,000/- രൂപ (അമ്പത്തിയഞ്ചു കോടി അറുപത്തിയൊന്ന് ലക്ഷത്തി ആയിരം രൂപ മാത്രം) എൽ.ഐ.സി. യിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കാമോ? | (ബി) | വാത്സല്യനിധി പദ്ധതി പ്രകാരം അപേക്ഷകരായ പെൺകുട്ടികളുടെ ആദ്യ രക്ഷിതാവിന് മരണമോ അംഗവൈകല്യമോ സംഭവിയ്ക്കുന്ന സാഹചര്യത്തിൽ അനുവദിയ്ക്കുന്ന ഇൻഷുറൻസ് തുകയും പെൺകുട്ടിയ്ക്കും സഹോദരനോ സഹോദരിയ്ക്കോ 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ അനുവദിയ്ക്കുന്ന സ്കോളർഷിപ്പും കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കി വന്നിരുന്ന പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന (PMJJBY) പോളിസി മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് LIC യിൽ നിന്നും അനുവദിക്കുന്നതിന് നിബന്ധന ചെയ്തിരുന്നത്. അപേക്ഷ സമർപ്പിച്ചിട്ടുള്ള 14259 പട്ടികജാതി പെൺകുട്ടികളുടെ ഒന്നാം ഗഡു തുക 55,61,01,000/- രൂപ (അമ്പത്തിയഞ്ചു കോടി അറുപത്തിയൊന്ന് ലക്ഷത്തി ആയിരം രൂപ മാത്രം ) എൽ.ഐ.സി.യിൽ നിക്ഷേപിച്ചിട്ടുണ്ട്.<br><br>എന്നാൽ 01.06.2020 മുതൽ PMJJBY പോളിസി കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുള്ള സാഹചര്യത്തിൽ പദ്ധതി മാനദണ്ഡ പ്രകാരം ആദ്യ രക്ഷകർത്താവിന് മരണമോ അംഗവൈകല്യമോ സംഭവിക്കുമ്പോൾ ലഭിക്കേണ്ട ഇൻഷുറൻസ് തുകയും കുട്ടികൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുവാൻ നിലവിൽ LIC തയ്യാറല്ല. ഇതോടെ പദ്ധതിയുടെ പ്രധാന ആകർഷണീയത നഷ്ടമായി. PMJJBY |

| | | | |
|---|---|---|---|
| | | | പോളിസി നിലവില്ലാത്ത സാഹചര്യത്തിൽ ടി പോളിസി പ്രകാരം നിശ്ചയിച്ചിരുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ പുനസ്ഥാപിയ്ക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് വാത്സല്യനിധി പദ്ധതി പുനഃക്രമീകരിക്കുന്നതിനു LIC യുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ